# മാറ്റത്തിന്റെ നിറങ്ങൾക്ക് ഉത്സവച്ഛായ

സ്വന്തം ലേഖകൻ

കോട്ടയം: വർണപ്പൊലിമയുടെയും ധാരാളിത്തത്തിന്റെയും പരമ്പരാഗത രചനാ സങ്കേതങ്ങളിൽനിന്ന് 'വേറിട്ട് നിൽക്കുന്ന 'മാറ്റത്തിന്റെ നിറങ്ങൾ' (കളേഴ്സ് ഓഫ് ചേഞ്ച്) ചിത്രപ്രദർശനം ആകർഷകമാകുന്നു. പബ്ലിക് ലൈബ്രറി ബിൽഡിങിലെ കേരള ലളിതകലാ അക്കാദമി ആർട് ഗ്യാലറിയിലാണ് പ്രദർശനം.

ഇരുണ്ടതും പരുക്കനുമായ പ്രതലങ്ങളുടെ കാൻവാസുകളിൽ അഞ്ച് യുവ ചിത്രകാരന്മാർ ഒരുക്കുന്നത് മുഖ്യധാര ദൃശ്യങ്ങളിൽ എക്കാലവും മാറ്റിനിർത്തപ്പെട്ട ജീവിത വൈവിധ്യങ്ങളാണ്. ആർഎൽവി കോളേജിലെ അധ്യാപകനായ അനിരുദ്ധ് രാമൻ, കാലടി സംസ്കൃത സർവകലാശാലയിലെ അധ്യാപകരായ അജയ് ശേഖർ (ഇംഗ്ലീഷ്), കെ ജി ജയിൻ (പെയിന്റിങ്), യുവകവി എം ആർ രേണുകുമാർ, സാമൂഹ്യപ്രവർത്തകൻ ശശിമേമുറി എന്നിവരാണ് കളേഴ്സ് ഓഫ് ചെയ്ഞ്ചിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. പ്രദർശനത്തിനൊരുക്കിയിരിക്കുന്ന അമ്പതോളം ചിത്രങ്ങളിലധികവും അക്രിലിക്കാണ് മാധ്യമമാക്കിയിരിക്കുന്നത്.



'മാറ്റത്തിന്റെ നിറങ്ങൾ' ചിത്രപ്രദർശനത്തിൽ നിന്ന്

വരേണ്യരചനാ സമ്പ്രദായങ്ങളിൽ നിറയുന്ന സാംസ്കാരിക മൂലധനത്തിന്റെ അടയാളങ്ങളെയും ചിഹ്നങ്ങളെയും ലളിതമായ ഫോക്‌ലോർ ഇമേജറികളുപയോഗിച്ചാണ് ഈ ചിത്രങ്ങൾ പ്രതിരോധിക്കുന്നത്. കൂടുതൽ ജനായത്തമായ ഈ ബിംബങ്ങൾ അധീശത്വ വ്യവഹാരങ്ങളെ വിമർശിക്കുകയും, അവ നിർമിക്കുകയും ചെയ്യുന്നുണ്ടെന്ന് അജയ്ശേഖർ പറഞ്ഞു.

വിജ്ഞാന വിഭജനത്തെ വിമർശിക്കുന്ന ചിത്രങ്ങളാണ് ജയിനിന്റെ രചനയുടെ കരുത്ത്. കവിയും എഴുത്തുകാരനുമായ എം ആർ രേണുകുമാർ ഏറെ ചർച്ച ചെയ്യപ്പെട്ട തന്റെ തന്നെ കവിതയായ വിഭവഭൂപടം പ്രമേയമാക്കി വരച്ച 'ആഫ്റ്റർ ബാത്തും' ശ്രദ്ധേയമാണ്. പ്രാക്തന ഗോത്ര സ്മൃതികളും ഒറിയൻ ആദിവാസി ജീവിതങ്ങളും അടയാളപ്പെടുത്തുന്ന ശശി മേമുറിയുടെ ചിത്രങ്ങൾ ജീവൻ തുടിക്കുന്നവയാണ്.

കെസിഎസിന്റെയും റഷ്യൻ ചിത്രകാരൻമാർക്ക് വാഗന്റെയും പോർട്രെയിറ്റുകൾക്ക് പുറമെ സാമൂഹ്യ-നവോത്ഥാന നായകരായ ശ്രീനാരായണഗുരു, സഹോദരൻ അയ്യപ്പൻ, ഡോ. അംബേദ്കർ എന്നിവരും വൈക്കം മുഹമ്മദ് ബഷീറിന്റെയും പോർട്രെയിറ്റുകൾ പ്രദർശനത്തിലുണ്ട്. ഫെബ്രുവരി 18ന് ആരംഭിച്ച പ്രദർശനം 21ന് സമാപിക്കും.